/68726/2023

**കാർഷിക വികസന കർഷക ക്ഷേമ** വകുപ്പ് **ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/9497/2022-AUD V(1) തീയതി:19-01-2023

## പരിപത്രം

വിഷയം:- **കൃഷിവകുപ്പ് പബ്ലിക് അക്കൗണ്ട്സ്** കമ്മിറ്റി -**GST രജിസ്ട്രേഷൻ** സംബന്ധിച്ച്.

സൂചന:- 17 - 08 - 2022 തീയതിലെ PPM - CELL 375 / 2022 -AGRI നമ്പർ കത്ത്

ഇൻപുട്ട് ടാക്സ് ക്രെഡിട്ടിന്റെ പ്രയോജനം GST രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും ലഭിക്കില്ലെന്ന് ചൂണ്ടിക്കാട്ടി നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി GST രജിസ്ട്രേഷൻ ഇല്ലാത്ത എല്ലാ സ്ഥാപനങ്ങളും അടിയന്തിരമായി GST രജിസ്ട്രേഷൻ എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ, സ്ഥാപനത്തിലേക്ക് വാങ്ങുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകളിൽ GST നമ്പർ രേഖപ്പെടുത്തി വാങ്ങുമ്പോൾ നാം കൊടുക്കുന്ന GST, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി സ്ഥാപനത്തിന്റെ GST അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണ്. GST Return ഫയൽ ചെയ്യുമ്പോൾ ഈ തുക സ്ഥാപനം ഒടുക്കേണ്ട തുകയിൽ കുറവ് ചെയ്ത് ഒടുക്കാവുന്നതുമാണ്. ഇപ്രകാരമാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയൊജനപെടുക . ആയതിനാൽ കൃഷിവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന 40 ലക്ഷം രൂപയിൽ കൂടുതൽ വരുമാനം ഉള്ള എല്ലാ സ്ഥാപനങ്ങളും 15 ദിവസത്തിനുള്ളിൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതും, രജിസ്ട്രേഷൻ നമ്പർ ഈ കാര്യാലയത്തിലേക്ക് അടിയന്തിരമായി അറിയിക്കേണ്ടതും ഉത്തരവാദിത്വത്തൊടുകൂടി ഒരു ഉദ്യോഗസ്ഥനെ GST രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ് എന്നീ കാര്യങ്ങൾക്കായി എല്ലാ സ്ഥാപനങ്ങളും നിയോഗിക്കേണ്ടതുമാണ്.

Sd/-
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ

Forwarded By Order

ACO

ACCOUNTS OFFICER
DIRECTORATE OF AGRICULTURE
THIRUVANANTHAPURAM.

പകർപ്പ്: വകുപ്പിലെ എല്ലാം ഫാമുകൾ ,ലബോറട്ടറികൾ ,മൊത്തവ്യാപാര വിപണികൾ.
IT(for Including in Website)